**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 449** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>ക്ഷാമബത്ത, സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. അബ്ദുൽ ഹമീദ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച് നാളിതുവരെ എത്ര കുടിശ്ശികയുണ്ടെന്ന് ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

**<u>മറുപടി:</u> സംസ്ഥാന സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും ക്ഷാമബത്ത അനുവദിച്ചു കൊണ്ടുള്ള 20.02.2026-ലെ സ.ഉ.(അച്ചടി) നം.27/2026/ധന നമ്പർ ഉത്തരവ് പ്രകാരം ഡി.എ/ഡി.ആർ പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. 06.03.2026-ലെ സ.ഉ.(അച്ചടി) നം.44/2026/ധന നമ്പർ ഉത്തരവ് പ്രകാരം 2021 ജൂലൈ മുതൽ നാളിതുവരെ അനുവദിച്ച ഡി.എ/ഡി.ആർ ന്റെ അരിയർ അനുവദിച്ചിട്ടുണ്ട്.**

**സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും (UGC/AICTE/Medical Education സ്കീമുകളിൽ ഉൾപ്പെട്ട അധ്യാപകർ ഉൾപ്പെടെ) അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശികയായി ഏകദേശം 22,376.70 കോടി രൂപയും (31.12.2025 വരെയുള്ള കണക്ക്) സർവീസ് പെൻഷൻകാർക്കും (UGC/AICTE/Medical Education സ്കീമുകളിൽ ഉൾപ്പെട്ട പെൻഷൻകാർ ഉൾപ്പെടെ) ഫാമിലി പെൻഷൻകാർക്കും അനുവദിച്ച ക്ഷാമാശ്വാസത്തിന്റെ കുടിശ്ശികയായി ഏകദേശം 16,142.23 കോടി രൂപയും (01.01.2026 വരെയുള്ള കണക്ക്) നൽകാനുണ്ട്.**

**പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ അവലംബിച്ച താൽകാലിക കണക്കുകൾ പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനു ഏകദേശം 3,572.13/- കോടി രൂപയുടെ വാർഷിക സാമ്പത്തിക ബാധ്യതയാണ് പ്രതീക്ഷിച്ചിരുന്നത്. അതായത് പ്രതിമാസ ബാധ്യത 297.67 കോടി രൂപയാണ്. 2019 ജൂലൈ ഒന്ന് മുതൽ 2021 ഫെബ്രുവരി 28 വരെ കുടിശ്ശികയായ 20 മാസത്തെ ആകെത്തുക 5,953.55 കോടി രൂപയാണ്. ഇതിൽ നിന്നും പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും, രണ്ടും ഗഡുക്കൾ (25% വീതം) അനുവദിച്ച് കൊണ്ട് 29.03.2025 തീയതിയിലെ സ.ഉ (അ) നം. 38/2025/(79)/ധന ഉത്തരവ് പ്രകാരവും മൂന്നും, നാലും ഗഡുക്കൾ (25% വീതം) അനുവദിച്ച് കൊണ്ട് 01.11.2025 തീയതിയിലെ സ.ഉ (അ) നം.139/2025/(93)/ധന പ്രകാരവും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാവുന്നതാണ് എന്നും, ശേഷിക്കുന്ന മൂന്നും നാലും ഗഡുക്കൾ (25% വീതം) 2026 ഏപ്രിൽ 1-നു ശേഷം ക്രഡിറ്റ് ചെയ്യാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.**

പതിനൊന്നാം ശമ്പളപരിഷ്കരണത്തോ ടനുബന്ധിച്ചുള്ള പെൻഷൻ പരിഷ്കരണ കുടിശികയുടെ നാലു ഗഡുക്കളും ഇതിനോടകം അനുവദിച്ചിട്ടുള്ളതാണ്. 23.02.2021-ലെ സ.ഉ (അ) നം. 35/2021/ധന പ്രകാരം 2021 ഏപ്രിൽ, മേയ് മാസങ്ങളിൽ ആദ്യ രണ്ട് ഗഡുക്കളും 15.03.2024-ലെ സ.ഉ (അ) നം. 21/2024/ധന പ്രകാരം മൂന്നാമത്തെ ഗഡുവും 12.02.2025-ലെ സ.ഉ (അ) നം. 15/2025/ധന പ്രകാരം നാലാമത്തേതും അവസാനത്തേതുമായ ഗഡുവും അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

**(ബി)** നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മേൽപ്പറഞ്ഞ ഇനങ്ങളിൽ ഓരോന്നിനും എത്ര തുകയുടെ കുടിശ്ശിക തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക തുക ഏത് രീതിയിലാണ് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാന സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും ക്ഷാമബത്ത അനുവദിച്ചു കൊണ്ടുള്ള 20.02.2026-ലെ സ.ഉ.(അച്ചടി) നം.27/2026/ധന നമ്പർ ഉത്തരവ് പ്രകാരം ഡി.എ/ഡി.ആർ പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. 06.03.2026-ലെ സ.ഉ.(അച്ചടി) നം.44/2026/ധന നമ്പർ ഉത്തരവ് പ്രകാരം 2021 ജൂലൈ മുതൽ നാളിതുവരെ അനുവദിച്ച ഡി.എ/ഡി.ആർ ന്റെ അരിയർ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും (UGC/AICTE/Medical Education സ്കീമുകളിൽ ഉൾപ്പെട്ട അധ്യാപകർ ഉൾപ്പെടെ) അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശികയായി ഏകദേശം 22,376.70 കോടി രൂപയും (31.12.2025 വരെയുള്ള കണക്ക്) സർവീസ് പെൻഷൻകാർക്കും (UGC/AICTE/Medical Education സ്കീമുകളിൽ ഉൾപ്പെട്ട പെൻഷൻകാർ ഉൾപ്പെടെ) ഫാമിലി പെൻഷൻകാർക്കും അനുവദിച്ച ക്ഷാമാശ്വാസത്തിന്റെ കുടിശ്ശികയായി ഏകദേശം 16,142.23 കോടി രൂപയും (01.01.2026 വരെയുള്ള കണക്ക്) നൽകാനുണ്ട്.

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ അവലംബിച്ച താൽകാലിക കണക്കുകൾ പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനു ഏകദേശം 3,572.13/- കോടി രൂപയുടെ വാർഷിക സാമ്പത്തിക ബാധ്യതയാണ് പ്രതീക്ഷിച്ചിരുന്നത്. അതായത് പ്രതിമാസ ബാധ്യത 297.67 കോടി രൂപയാണ്. 2019 ജൂലൈ ഒന്ന് മുതൽ 2021 ഫെബ്രുവരി 28 വരെ കുടിശ്ശികയായ 20 മാസത്തെ ആകെത്തുക 5,953.55 കോടി രൂപയാണ്. ഇതിൽ നിന്നും പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും, രണ്ടും ഗഡുക്കൾ (25% വീതം) അനുവദിച്ച് കൊണ്ട് 29.03.2025 തീയതിയിലെ സ.ഉ (അ) നം. 38/2025/(79)/ധന ഉത്തരവ് പ്രകാരവും മൂന്നും, നാലും ഗഡുക്കൾ (25% വീതം) അനുവദിച്ച് കൊണ്ട് 01.11.2025 തീയതിയിലെ സ.ഉ (അ) നം.139/2025/(93)/ധന പ്രകാരവും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാവുന്നതാണ് എന്നും, ശേഷിക്കുന്ന മൂന്നും നാലും ഗഡുക്കൾ (25% വീതം) 2026 ഏപ്രിൽ 1-നു ശേഷം ക്രെഡിറ്റ് ചെയ്യാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പതിനൊന്നാം ശമ്പളപരിഷ്കരണത്തോ ടനുബന്ധിച്ചുള്ള പെൻഷൻ പരിഷ്കരണ കുടിശികയുടെ നാലു ഗഡുക്കളും ഇതിനോടകം അനുവദിച്ചിട്ടുള്ളതാണ്. 23.02.2021-ലെ സ.ഉ (അ) നം. 35/2021/ധന പ്രകാരം 2021 ഏപ്രിൽ, മേയ് മാസങ്ങളിൽ ആദ്യ രണ്ട് ഗഡുക്കളും 15.03.2024-ലെ സ.ഉ (അ) നം. 21/2024/ധന പ്രകാരം മൂന്നാമത്തെ ഗഡുവും 12.02.2025-ലെ സ.ഉ (അ) നം. 15/2025/ധന പ്രകാരം നാലാമത്തേതും അവസാനത്തേതുമായ ഗഡുവും അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

**(സി)** ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യുന്നത് ഏത് തീയതി മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ആയതിന് എത്ര തുകയാണ് ആവശ്യമുള്ളത്; ഏത് തീയതിയിൽ

ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും; വ്യക്തമാക്കാമോ;

**<u>മറുപടി:</u> സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. 06.03.2026-ലെ സ.ഉ.(അച്ചടി) നം.44/2026/ധന നമ്പർ ഉത്തരവ് പ്രകാരം 2021 ജൂലൈ മുതൽ നാളിതുവരെ അനുവദിച്ച ഡി.എ/ഡി.ആർ ന്റെ അരിയർ അനുവദിച്ചിട്ടുണ്ട്.**

**(ഡി)** വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ നാളിതുവരെ എത്ര മാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ ആകെ എത്ര തുക വേണ്ടി വരും; കണക്കുകൾ ലഭ്യമാക്കുമോ; കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** 2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷനും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷനും 2024 മാർച്ച് മുതൽ എല്ലാ മാസവും മുടക്കം കൂടാതെ അനുവദിച്ചു വരുന്നു. 2026 ജനുവരി മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ ഇനത്തിൽ കുടിശ്ശികയില്ല.

**സെക്ഷൻ ഓഫീസർ**